കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ദേവികുളങ്ങര ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP-P11/750/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയതി: 24/09/2021
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ദേവികുളങ്ങര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ദേവികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ദേവികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP-P11/750/2021 തീയ്യതി: 24/09/2021

ആലപ്പുഴ ജില്ലയിലെ ദേവികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ദേവികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-07-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
രാജീവ്. ആർ	ഡെപ്യൂട്ടി ഡയറക്ടർ	02-08-2021	18-08-2021

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
02-08-2021	18-08-2021

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ലിജിലാൽ.ബി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.ജയകൃഷ്ണ.ആർ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.മായാദേവി.സി.എസ്, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.മനേഷ്കുമാർ.ജി, സീനി.ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)

ഇ.ശ്രീദേവി	പ്രസിഡന്റ്	01-04-2020	11-11-2020
എസ്. പവനനാഥന്‍	പ്രസിഡന്റ്	30-12-2020	31-03-2021
സിന്ധു.എസ്	സെക്രട്ടറി	01-04-2020	31-03-2021
അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി (സെക്രട്ടറി, അസി.എഞ്ചിനീയര്‍, കൃഷി ഓഫീസര്‍)	പ്രസിഡന്റ്	12-11-2020	29-12-2020

നിര്‍വ്വഹണഉദ്യോഗസ്ഥര്‍

പേര്	ഉദ്യോഗപ്പേര്	തീയതി (മുതല്‍)	തീയതി (വരെ)
ഡോ.ജിന്‍സി ജോര്‍ജ്ജ്	വെറ്റി.സര്‍ജന്‍	01-04-2020	31-03-2021
ആരതി സെന്‍	ഐ.സി.ഡി.എസ് സൂപ്പര്‍വൈസര്‍	01-04-2020	31-03-2021
ഡോ.മനുപ്രഭാകരന്‍	മെഡിക്കല്‍ ഓഫീസര്‍(പി.എച്ച്.സി)	01-04-2020	31-03-2021
ഡോ.നൈസി ഖാന്‍	മെഡിക്കല്‍ ഓഫീസര്‍(ആയുര്‍വ്വേദം)	01-04-2020	31-03-2021
ഡോ.നസിയ.എ	മെഡിക്കല്‍ ഓഫീസര്‍ (ഹോമിയോ)	01-04-2020	31-03-2021
സണ്ണി.കെ.പി	ഹെഡ് മാസ്റ്റര്‍	01-04-2020	31-03-2021
മഞ്ജു.സി.ഗോപാല്‍	വി.ഇ.ഒ	01-04-2020	17-06-2020
ശ്രുതി.എം	വി.ഇ.ഒ	18-06-2020	31-03-2021
ഉഷ.ആര്‍	അസി.എഞ്ചിനീയര്‍	01-04-2020	31-03-2021
രഞ്ജു.എസ്	കൃഷി ഓഫീസര്‍	01-04-2020	31-03-2021
അമൃത.ടി.മോഹന്‍	അസി.സെക്രട്ടറി	01-04-2020	31-03-2021
അപ്പന്‍.വി.ആര്‍.	ഡയറി ഫാം ഇന്‍സ്ട്രക്ടര്‍	01-04-2020	31-05-2020
ഒഴിവ്	ഡയറി ഫാം ഇന്‍സ്ട്രക്ടര്‍	01-06-2020	31-12-2020
ഗീത.എസ്.	ഡയറി ഫാം ഇന്‍സ്ട്രക്ടര്‍	01-01-2021	31-03-2021

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യ പത്രിക	1-2
3	സാമ്പത്തിക വിശകലനം	1-3
4	ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം)	1-4
5	പദ്ധതി അവലോകനം	1-5
6	തൊഴിലുറപ്പ് പദ്ധതി	1-6
7	ക്ഷേമപദ്ധതികൾ	1-7
8	ക്യാഷ് വെരിഫിക്കേഷൻ	1-8
9	ആഭ്യന്തരനിയന്ത്രണം	1-9
10	വസ്തുനികുതി നിരക്ക് നിശ്ചയിച്ചതിലെ കുറവ് - വലിയ തോതിലുള്ള നികുതി ചോർച്ച ഉണ്ടാകുന്നു	1-10
11	വേക്കൻസി റെമിഷൻ -ദീർഘനാൾ ഒഴിവാക്കി നൽകുന്നത് വഴി നികുതി നഷ്ടം ഉണ്ടാകുന്നു	1-11
12	ഉപയോഗ ക്രമം മാറ്റുന്നതനുസരിച്ച് വസ്തു നികുതി ഈടാക്കുന്നില്ല, സോഫ്റ്റ്‌വെയർ പിഴവുകൾ	1-12
13	സഞ്ചയ-സാംഖ്യ ഇന്റഗ്രേഷൻ നടത്തിയിട്ടില്ല	1-13
14	ഡെപ്പോസിറ്റ് രജിസ്റ്റർ -യഥാവിധി സൂക്ഷിക്കുന്നില്ല	1-14
15	ടെണ്ടർഫീസ് - പഞ്ചായത്തിന് തിരികെ ലഭിക്കാനുള്ളത് 43974/-രൂപ	1-15
16	ബേം കട്ടിങ്ങിന് ക്രമവിരുദ്ധമായി അധിക നിരക്ക് -47909/-രൂപയുടെ അധികചെലവ്	1-16
17	വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ- വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല	1-17
18	അഗതി ആശ്രയ- വൻ തുക അക്കൗണ്ടിൽ അവശേഷിക്കുന്നു	1-18
19	ആസ്തി രജിസ്റ്ററിന്റെ പരിപാലനത്തിൽ വീഴ്ച	1-19
20	ഗവ.ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ-മുൻകൂർ തുകയ്ക്കുള്ള മരുന്നു ലഭ്യമായിട്ടില്ല	1-20
21	ഗവ.ആയുർവേദ ഡിസ്പെൻസറിയ്ക്ക് മരുന്നുവാങ്ങൽ-മുൻകൂർ തുകയ്ക്കുള്ള മരുന്നു ലഭ്യമായിട്ടില്ല	1-21
22	ഗുണഭോക്തൃവിഹിതം അധികം ഈടാക്കി	1-22
23	കന്ന് കുട്ടി പരിപാലനം- ആവശ്യമായ രേഖകൾ ലഭ്യമാക്കാതെ സർക്കാർ വിഹിതം നല്കി	1-23
24	എം ജി എൻ ആർ ഇ ജി എസ് കരാർ ജീവക്കാരുടെ സേവന പുസ്തകം സൂക്ഷിച്ചിട്ടില്ല	1-24
25	വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ- 2.50 ലക്ഷത്തിന് മുകളിലുള്ള വാങ്ങലിൽ സോഴ്സിൽ നിന്ന് തുക കുറവ് ചെയ്തില്ല	1-25
26	ലൈഫ് മിഷൻ-അവലോകനം	1-26
27	മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനം	1-27
28	കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ-ലഘു അവലോകനം	1-28
29	കന്ന് കുട്ടി പരിപാലന പദ്ധതി - തുക പൂർണ്ണമായി വിനിയോഗിച്ചില്ല	1-29
	ഭാഗം 2	
	--- No Records Found ---	

ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	നിക്ഷേപ പ്രവർത്തികൾക്ക് നല്കിയ തുകകളുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ്	4-3
4	വായ്പ/വായ്പ തിരിച്ചടവ്	4-4
5	സ്ഥിര നിക്ഷേപം	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-7
8	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 16.03.2020-തീയതിയിലെ I (I) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു. ബജറ്റ് 17.02.2020-ലെ തീരുമാനം നം.2-1 പ്രകാരം പുതുക്കിയിട്ടുണ്ട്.

ഇനം	വരവ്	ചെലവ്
ബജറ്റ് പ്രകാരം	161858419.05	156638200
വാർഷിക കണക്ക് പ്രകാരം (ഇൻകം& എക്സ്പെൻഡിച്ചർ പത്രിക പ്രകാരം)	140228682	141855488

1-2 വാർഷിക ധനകാര്യ പത്രിക

എ) വാർഷിക ധനകാര്യ പത്രിക ലഭിച്ച വിവരം:

വർഷം	ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി
2020-21	31.07.2021	13.05.2021

ബി) വാർഷിക ധനകാര്യ പത്രിക പരിശോധനാ വിവരം:

1. ആസ്തി വിവരങ്ങൾ കാലികമാക്കി സൂക്ഷിക്കാത്തതിനാൽ ബാലൻസ് ഷീറ്റ് ബി-11 ഷെഡ്യൂളിലുള്ള ആസ്തി വിവരങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല.
2. ബി-4 ഷെഡ്യൂളിന്റെ പരിശോധനയിൽ,

എ)ഡവലപ്മെന്റ് ഫണ്ട്-ജനറൽ ക്യാപ്പിറ്റൽ& ഡവലപ്മെന്റ് ഫണ്ട്-സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ഇനങ്ങളിൽ നീക്കിയിരിപ്പുള്ളതായി കാണിച്ചിട്ടുള്ള തുകകളുടെ (യഥാക്രമം323490/-& 374955/-രൂപ വീതം) വിശദാംശങ്ങൾ ലഭ്യമല്ല. ഇപ്രകാരം വികസന ഫണ്ട് വകമാറ്റൽ നടന്ന് പഞ്ചായത്ത് അക്കൌണ്ടിൽ നീക്കിയിരിപ്പ് വന്നത് പരിശോധിക്കപ്പെടേണ്ടതുണ്ട്. ഏത് അക്കൌണ്ടിലാണ് തുക വന്നിട്ടുള്ളതെന്നും വ്യക്തമാക്കേണ്ടതുണ്ട്. വിശദാംശങ്ങൾ പരിശോധിച്ച് തുക ഒടുക്കുവരുത്തി എ.എഫ്.എസ്-ൽ കുറവ് വരുത്തുന്നതാണെന്ന് മറുപടി ലഭിച്ചു.

ബി)ഗുണഭോക്തൃവിഹിതം ഇനത്തിൽ(ഹെഡ് 320800101) 578402/-രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. ഇത് സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ,

മുന്നിരിപ്പ്	568277/-
വരവ്	959540/-
ആകെ	1527817/-
ചെലവ്	949415/-
നീക്കിയിരിപ്പ്	578402/-

ഇങ്ങനെയാണ് കാണുന്നത്. ഗുണഭോക്തൃവിഹിതമിനത്തിലുള്ള വൻ തുക ഇപ്രകാരം മുന്നിരിപ്പും നീക്കിയിരിപ്പും വന്നതിന്റെ വിശദാംശങ്ങൾ (നീക്കിയിരിപ്പ് വന്നത് ഏത് പ്രോജക്ടുമായി ബന്ധപ്പെട്ട്, ചെലവായതിന്റെ വിവരം) ലഭ്യമാക്കണം. ടി തുകയിൽ 10125/-രൂപ വി.ഇ.ഒ നിർവ്വഹണം നടത്തിയ പ്രോജക്ടുമായി ബന്ധപ്പെട്ടതും ശേഷിക്കുന്നത് മുൻവർഷങ്ങളിലും ഉണ്ടായിരുന്ന നീക്കിയിരിപ്പുമാണെന്ന് കാണുന്നു. തുക ഗുണഭോക്താക്കൾക്ക് തിരികെ നല്കേണ്ടതുണ്ട്.

3. ബി-7 ഷെഡ്യൂൾ: 10/2015-ലെ ഇലക്ഷനുമായി ബന്ധപ്പെട്ട ഡെപ്പോസിറ്റ് തുക10500/- ഇപ്പോഴും നീക്കിയിരിപ്പിൽ തുടരുന്നു, തുക മുതൽക്കൂട്ടിയിട്ടില്ല. തുക മുതൽക്കൂട്ടി വരും വർഷങ്ങളിൽ എ.എഫ്.എസ്-ൽ ക്രമപ്പെടുത്തേണ്ടതാണ്.
4. ബി-9 ഷെഡ്യൂളിൽ പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ ബാധ്യത കാണിച്ചിട്ടുള്ളത് 100761/- രൂപയാണ്. എന്നാൽ പ്രതിമാസം ടി ഇനത്തിൽ വന്നിട്ടുള്ള ബാധ്യതയും തുടർമാസം ഒടുക്കുവരുത്തിയതും 67926/-രൂപയാണ്. 32835/-രൂപ അധികമായി ബാധ്യതയായി കാണിച്ചിരിക്കുന്നു. ഇതേ തുകയാണ് മുൻവർഷവും അധികമായിട്ടുള്ളത്- തുക

ഒടുക്കുവരുത്തുന്നതാണെന്ന് മറുപടി നല്കി.

5. വാറ്റ് ഇനത്തിലുള്ള തുക 2136/-ബന്ധപ്പെട്ട ഹെഡിൽ ഒടുക്കുവരുത്തേണ്ടതാണ്.
6. ബി-18 ഷെഡ്യൂൾ: കേരള വാട്ടർ അതോറിറ്റിയിലേക്ക് 330000/-രൂപ മുൻകൂർ നല്കിയിട്ടുള്ളതായി കാണുന്നു. മുൻവർഷവും ഇതേ തുകയാണ് ഇപ്രകാരം ഡെപ്പോസിറ്റ് കാണിച്ചിട്ടുള്ളത്. വാട്ടർ അതോറിറ്റി പ്രവർത്തി പൂർത്തീകരിച്ചിട്ടുള്ളതാണെന്നും വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് എ.എഫ്.എസ്-ൽ തുക കുറവ് വരുത്തുന്നതാണെന്നാണ് മറുപടി നല്കിയത്.
7. കെ.എസ്.ഇ.ബി-യിലേക്ക് മുൻകൂർ നല്കിയ തുകയിൽ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാനുള്ള തുക 751470/- നീക്കിയിരിപ്പ് കാണിച്ചിട്ടുണ്ട്. രജിസ്റ്റർ പരിശോധിച്ചതിൽ ഇതിൽ മുൻവർഷത്തെ നീക്കിയിരിപ്പ് തുകയും(391168/-രൂപ) വന്നിട്ടുള്ളതായി കാണുന്നു. വർഷങ്ങളായി ഡെപ്പോസിറ്റായി തുടരുന്ന ടി മുൻകൂർ തുക 86/19 എന്ന പ്രോജക്ട് പ്രകാരമുള്ളതാണെന്ന് കാണുന്നു. ഫയൽ പരിശോധിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുള്ളതാണെങ്കിൽ ടി തുക എ.എഫ്.എസ്-ൽ കുറവ് വരുത്തുന്നതാണെന്നാണ് മറുപടി നല്കിയത്.
8. കോവിഡ് ഫസ്റ്റ്ലൈൻ ട്രീറ്റ്മെന്റ് സെന്ററിനായുള്ള ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും ഹെഡ്ക്ലർക്കിന്റെയും സംയുക്ത നിയന്ത്രണത്തിലുള്ള അക്കൌണ്ടിൽ(ഫെഡറൽ ബാങ്ക്, ദേവികുളങ്ങര ശാഖ, അക്കൌണ്ട് നം.13190100170491) 3ലക്ഷം രൂപ 03.08.2020-ൽ ക്രഡിറ്റിൽ വന്നതായും സാമ്പത്തിക വർഷാവസാനം(31.03.21) ടി അക്കൌണ്ടിൽ പലിശയിനത്തിൽ വരവ് വന്ന 1731/-രൂപ (ഓഡിറ്റ് സമയം 1749/-) അവശേഷിച്ചതായും കാണുന്നുണ്ട്. എന്നാൽ ടി അക്കൌണ്ടിന്റെ വിവരം 2020-21 വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇതിന്മേൽ 2021-22 മുതലുള്ള വാർഷിക കണക്കിൽ ടി അക്കൊണ്ട് ഉൾപ്പെടുത്തുന്നതാണെന്ന് മറുപടി നല്കി.

(ഓഡിറ്റ് അന്വേഷണം1/5.08.21& 8/13.08.21)

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	13485702.95
വരവ്	78170841
ആകെ	91656543.95
ചെലവ്	74535466
നീക്കിയിരിപ്പ്	17121077.95

റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്കുകൾ.

1-4 ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം)

ഫണ്ടിനം	മുൻബാക്കി	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ് /ലാപ്സായത്
വികസനഫണ്ട് പൊതുവിഭാഗം	-	12183750	12183750	11249898	933852
വികസനഫണ്ട് എസ്.സി.പി.		5841000	5841000	4981811	859189
വികസനഫണ്ട് ടി.എസ്.പി.		87000	87000	0	87000
സംരക്ഷണഗ്രാന്റ് റോഡ്		17302000	17302000	17281620	20380
സംരക്ഷണഗ്രാന്റ് നോൺറോഡ്		3456681	3456681	3354564	102117
13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്		9668641	9668641	7697563	1971078
13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied)		4750000	4750000	3351775	1398225

1-5 പദ്ധതി അവലോകനം

2019-20 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	പദ്ധതി ചെലവ് %	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ചത്-ശതമാനം
178	80233091	149	55794302	69%	0	29	83%

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണ ചെലവുകൾ	362375	1150996	1513371	1506231	7140
ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത്	362375	48118000	48118000	46974000	7140
ആകെ		49268996	49631371	48480231	

അവലംബം: ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ വിവരങ്ങൾ

1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	119160	175
കർഷകതൊഴിലാളി പെൻഷൻ	4574600	332
വിധവാപെൻഷൻ	11487100	751
വാർദ്ധക്യകാലപെൻഷൻ	26510800	2121
വികലാംഗപെൻഷൻ	3745800	265
അവിവാഹിത പെൻഷൻ	615800	45
വിധവകളുടെ പെണ്മക്കളുടെ വിവാഹ ധനസഹായം	60000	2

1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12-08-2021 ന് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6022/- രൂപ ക്യാഷ് ബാലൻസിന്റെ നീക്കിയിരുപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്തു കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിയ്ക്കുന്നില്ല. കൂടാതെ മുൻ തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണ്ടോ എന്നതു സംബന്ധമായി മിനിട്ട്സിലും രേഖയില്ല.
2. നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നതായി രേഖയില്ല. പ്രോജക്ട് ഫയലുകൾക്കൊപ്പം മോണിട്ടറിംഗ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല.
3. കരാർ അടിസ്ഥാനത്തിൽ ജോലിനോക്കുന്ന തൊഴിലുറപ്പു വിഭാഗം ജീവനക്കാരുടെ സേവന പുസ്തകം പരിപാലിയ്ക്കപ്പെടുന്നില്ല .
4. പദ്ധതി നടത്തിപ്പിൽ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങളും, സാങ്കേതിക നിർദ്ദേശങ്ങളും കൃത്യമായി പാലിക്കാതിരുന്നതു മൂലം അധിചെലവുണ്ടായതായി പരിശോനയിൽ കണ്ടെത്തിയിട്ടുണ്ട്.
5. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ കാലികമാക്കപ്പെട്ടിട്ടില്ല.
6. റോഡ് രജിസ്റ്ററും, റോഡ് കണക്ടിവിറ്റി മാപ്പും പരിപാലിച്ചിട്ടില്ല.
7. ഓഡിറ്റ് വർഷം പഞ്ചായത്തിലെ വിവിധ സെക്ഷനുകൾ പേഴ്സണൽ രജിസ്റ്റർ മാന്വലായി തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഇതിലേക്കായുള്ള സൂചിക സോഫ്റ്റ്‌വെയർ കാലികമാക്കപ്പെടാത്തതുമൂലം തീർപ്പാക്കത്തതായുള്ള ഫയലുകളുകളുടെ എണ്ണം വളരെ കൂടുതലാണ്.
8. പദ്ധതിനിർവ്വഹണ സംബന്ധമായ ട്രാൻസാക്ഷനുകൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥർ നോട്ട് ഫയൽ സൂക്ഷിക്കുന്നില്ല.

ചൂണ്ടിക്കാട്ടിയ അപാകങ്ങൾ പരിഹരിയ്ക്കുന്നതിനാവശ്യമായ സത്വര നടപടി

സ്വീകരിയ്ക്കുവാൻ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിയ്ക്കുന്നു

1-10 വസ്തുനികുതി നിരക്ക് നിശ്ചയിച്ചതിലെ കുറവ് - വലിയ തോതിലുള്ള നികുതി ചോർച്ച ഉണ്ടാകുന്നു

നിലവിലെ സർക്കാർ ഉത്തരവുകൾ പ്രകാരം കെട്ടിങ്ങൾക്ക് ചുമത്താവുന്ന ഏറ്റവും കുറഞ്ഞ നികുതി നിരക്കാണ് ഗ്രാമപഞ്ചായത്തിലെ വിവിധ വാണിജ്യ കെട്ടിടങ്ങൾക്ക് ചുമത്തി വരുന്നത്. ഉദാഹരണമായി 100m^2 ന് മുകളിലുള്ള ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ തുടങ്ങിയ വാണിജ്യാവശ്യ കെട്ടിങ്ങൾക്ക് ചുമത്താവുന്ന കുറഞ്ഞ നികുതി നിരക്ക് 50/- രൂപയും കൂടിയ നികുതി നിരക്ക് 70/- രൂപയുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഈ ഇനത്തിലെ കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കായ 50/- രൂപ മാത്രമാണ് ഈടാക്കി വരുന്നത്. കൂടാതെ, 100 M^2 ന് താഴെയുള്ള ഇതേയിനം കെട്ടിങ്ങൾക്ക് ചുമത്താവുന്ന കുറഞ്ഞ നികുതി നിരക്ക് 30/- രൂപയും കൂടിയ നികുതി നിരക്ക് 60/- രൂപയുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഈ ഇനത്തിലെ കെട്ടിടങ്ങൾക്കും കുറഞ്ഞ നിരക്കായ 30/- രൂപ മാത്രമാണ് ഈടാക്കി വരുന്നത്. സ്ലാബിലെ ഏറ്റവും കുറഞ്ഞ നിരക്കാണ് ചുമത്തുന്നതെന്നതിനാൽ ഈയിനത്തിലും വരുമാന നഷ്ടമുണ്ടാകുന്നു.

200 ച മീ വരെ വിസ്തീർണ്ണമുള്ള ഷോപ്പിംഗ് മാളുകൾ, സൂപ്പർമാർക്കറ്റുകൾ എന്നിവയ്ക്ക് ചുമത്താവുന്ന കുറഞ്ഞ നികുതി 30/- രൂപയും കൂടിയ നികുതി 60/- രൂപയുമാണ്. എന്നാൽ, 100 എം^{2} താഴെയുള്ള വാണിജ്യ സ്ഥാപനങ്ങൾക്കും ഇതേ കുറഞ്ഞ നികുതി നിരക്കാണ് ചട്ടങ്ങളിൽ അനുശാസിക്കുന്നതെന്നതിനാൽ കുറഞ്ഞ നിരക്കായ 30/-രൂപ തന്നെയാണ് ഗ്രാമപഞ്ചായത്ത് പ്രസ്തുത കെട്ടിടങ്ങൾക്കും ചുമത്തിയിട്ടുള്ളത്. ഇതും നികുതിച്ചോർച്ചയ്ക്ക് കാരണമാകുന്നുണ്ട്.

1-11 വേക്കൻസി റെമിഷൻ -ദീർഘനാൾ ഒഴിവാക്കി നൽകുന്നത് വഴി നികുതി നഷ്ടം ഉണ്ടാകുന്നു

വേക്കൻസി റെമിഷൻ വഴി ഒരു അർദ്ധവർഷത്തിൽ 60ദിവസത്തിൽ കൂടുതൽ ഒഴിഞ്ഞുകിടക്കുന്ന കെട്ടിടങ്ങളെ 2011 ലെ വസ്തു നികുതി ചട്ടങ്ങളിലെ ചട്ടം 21 പ്രകാരം ഒഴിവാക്കിയിട്ടുണ്ട്. ഈ ചട്ടപ്രകാരം പഞ്ചായത്തിൽ **47** കെട്ടിടങ്ങളെ നികുതിയൊടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. 1000ച.അടി വിസ്തൃതിയുള്ള കെട്ടിടങ്ങളും ഇതിൽ ഉൾപ്പെടുന്നു. ഓരോ സാമ്പത്തിക വർഷവും വേക്കൻസി റമിഷനുവേണ്ടി കെട്ടിട ഉടമകൾ അപേക്ഷ നൽകിയിട്ടില്ലാത്തതിനാൽ ദീർഘനാൾ വസ്തുനികുതിയിൽ നിന്നും ഒഴിവ് നൽകിയതും ക്രമപ്രകാരമല്ല. ഇപ്രകാരം ഉടമകളുടെ അപേക്ഷകൾ പോലുമില്ലാതെ ദീർഘനാൾ വസ്തുനികുതി ഒഴിവാക്കി നല്കിയത് മൂലം ഗ്രാമപഞ്ചായത്തിന് നികുതിക്കുറവിന് ഇടയാക്കിയിട്ടുണ്ട്.

1-12 ഉപയോഗ ക്രമം മാറ്റുന്നതനുസരിച്ച് വസ്തു നികുതി ഈടാക്കുന്നില്ല, സോഫ്റ്റ്‌വെയർ പിഴവുകൾ

ഉപയോഗക്രമം മാറ്റുന്നതനുസരിച്ച് വസ്തുനികുതി ഈടാക്കുന്നതിൽ ഗ്രാമപഞ്ചായത്തിന് വീഴ്ച സംഭവിച്ചിട്ടുണ്ട്. 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖ.2-4ൽ, വാസഗൃഹത്തിന്റെ ഉപയോഗ ക്രമം മാറ്റി റെസ്റ്റോറന്റ് ആക്കി മാറ്റിയെങ്കിലും ഈ മാറ്റത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി പരിഷ്കരിക്കാതെ പഞ്ചായത്തിന് വരുമാന നഷ്ടമുണ്ടായത് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. "ഇത് സഞ്ചയ സോഫ്റ്റ്‌വെയറിന്റെ സാങ്കേതികപ്പിഴവ് മൂലം സംഭവിച്ചതാണെന്നും, ഡേറ്റാ പ്യൂരിഫിക്കേഷൻ നടത്തിയപ്പോൾ ഉപയോഗ ക്രമത്തിന്റെ അടിസ്ഥാനത്തിൽ നികുതി വർദ്ധനവ് വന്നെങ്കിലും 2013 മുതലുള്ള നികതി കുടിശ്ശിക സോഫ്റ്റ്‌വെയറിൽ ജനറേറ്റ് ചെയ്തെന്നും, സോഫ്റ്റ്‌വെയറിന്റെ സാങ്കേതിക പ്പിഴവായതിനാൽ ഇത് പരിഹരിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും" ആണ് പഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുള്ളത്.

1-13 സഞ്ചയ-സാംഖ്യ ഇന്റഗ്രേഷൻ നടത്തിയിട്ടില്ല

കെട്ടിങ്ങളുടെ നികുതി ജനറേറ്റ് ചെയ്യുന്നതിൽ സഞ്ചയ സോഫ്റ്റ്‌വെയറിലുണ്ടാകുന്ന പിഴവുകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. സഞ്ചയ-സാംഖ്യ ഇന്റഗ്രേഷൻ നടത്തുന്നതിന് സത്വരനടപടി സ്വീകരിക്കാവുന്നതാണ്.

നികുതി കുറവായി കണക്കാക്കുന്നത് തടയുന്നതിനായി എല്ലാ മാസവും പെർഫോമൻസ് ഓഡിറ്റ് വിഭാഗം പുതിയ കെട്ടിങ്ങളുടെ നികുതി നിർണ്ണയം സംബന്ധിച്ച രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

കെട്ടിടങ്ങളുടെ നിർമ്മാണത്തിലുണ്ടാകുന്ന വ്യതിയാനങ്ങൾ ഫീൽഡ് ജീവനക്കാർ നിശ്ചിത

ഇടവേളകളിൽ പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതും അതിൻപ്രകാരം നികുതി പുനർനിർണ്ണയിക്കേണ്ടതുമാണ്.

വാണിജ്യ കെട്ടിടങ്ങൾക്കും മറ്റ് ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്കും സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള ഏറ്റവും താഴ്ന്ന നിരക്കാണ് പഞ്ചായത്തിൽ ഈടാക്കപ്പെടുന്നത്. ഇതിൽ പരിഷ്കാരം വരുത്തി ഏറ്റവും താഴ്ന്ന നിരക്കിനേക്കാൾ താരതമ്യേന കുറെക്കൂടി ഉയർന്ന നിരക്കിൽ വസ്തു നികുതി ഈടാക്കാവുന്നതാണ്.

1-14 ഡെപ്പോസിറ്റ് രജിസ്റ്റർ -യഥാവിധി സൂക്ഷിക്കുന്നില്ല

ഇ എം ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നീ ഇനങ്ങളിലെ വരവ് തുകകൾ സംബന്ധിച്ച ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കിയിട്ടില്ല എന്ന് പരിശോധനയിൽ വ്യക്തമാകുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഓരോ വർഷവും കരാറുകാർക്ക്/സപ്ലയേഴ്സിന് തിരികെ നൽകുന്ന ഡെപ്പോസിറ്റ് തുകകളുടെ വിശദാംശങ്ങൾ വൗച്ചർ നമ്പർ സഹിതം രേഖപ്പെടുത്തി ഡെപ്പോസിറ്റ് തുക ഒഴിവാക്കുന്നില്ല.
2. മുൻ വർഷങ്ങളിലെ ഡെപ്പോസിറ്റ് തുകകൾ ഉൾപ്പടെ തൻ വർഷം കാരി ഓവർ ചെയ്തിട്ടില്ല. അതിനാൽ ഈ ഇനങ്ങളിൽ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്ന തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.
3. വിവിധ ഇനങ്ങളിലായി ലഭിച്ച ഇ എം ഡി, കരാറുകാരുടെ റിട്ടൻഷൻ തകകൾ, സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകകൾ അതാത് കരാറുകാർക്കോ, സപ്ലയർക്കോ തിരികെ നൽകാതെ കാലഹരണപ്പെട്ടിട്ടുണ്ട്. Kerala Financial Code Vol I Rule 282 പ്രകാരം മൂന്ന് വർഷത്തിലധികമായി തിരികെ നൽകിയിട്ടില്ലാത്ത ഡെപ്പോസിറ്റ് തുകകൾ കാലഹരണപ്പെട്ടതായി കണക്കാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. എന്നാൽ ഈ തുകകൾ പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ യഥാവിധി തയാറാക്കുന്നതിനും കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-15 ടെണ്ടർഫീസ് - പഞ്ചായത്തിന് തിരികെ ലഭിക്കനുള്ളത് 43974/-രൂപ

ഗ്രാമപഞ്ചായത്ത് 2020-21 വർഷം ഇ-ടെന്ററ്‍ മുഖേന നടപ്പാക്കിയ മരാമത്ത് പ്രവർത്തികളുടെ ടെന്ററ്‍ ഫീസിനത്തിൽ 43974/- രൂപ എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് ഒടുക്കു വരുത്തിയിരുന്നു. എൻ.ഐ.സി മുഖേന പ്രസ്തുത അക്കൗണ്ടിൽ ഓൺലൈനായി ക്രെഡിറ്റ് വന്ന ഈ തുക ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണെങ്കിലും ഓഡിറ്റ് സമയം വരേക്കും തിരികെ ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

വർഷം	ഇ-ടെന്ററ്‍ മുഖേന നടപ്പാക്കിയ പ്രവർത്തി കളുടെ എണ്ണം	ടെന്ററ്‍ ഫീസിനത്തിൽ ഒടുക്കിയ തുക	തിരികെ ലഭിച്ച തുക	ലഭിക്കാനുള്ള തുക
2020-21	12	43974	0	43974
ആകെ.		43974	0	43974

തൻവർഷത്തെ ടെന്ററ്‍ ഫീസിനത്തിൽ പഞ്ചായത്തിന് ലഭിക്കാനുള്ള 43974/- രൂപയും, മുൻവർഷങ്ങളിലേതായി ഈ ഇനത്തിൽ ലഭിക്കാനുള്ള തുകയും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-16 ബേം കട്ടിങ്ങിന് ക്രമവിരുദ്ധമായി അധിക നിരക്ക് -47909/-രൂപയുടെ അധികചെലവ്

പഞ്ചായത്തിൽ 2020-21 വർഷം നടപ്പാക്കിയ ചുവടെ ചേർക്കുന്ന റോഡ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ബേം കോൺക്രീറ്റിംഗിന്റെ ഭാഗമായുള്ള കുഴിക്കലിന് 553.17/m^3 നിരക്കിൽ തുക അനുവദിക്കുകയും, കരാറുകാർ ക്വാട്ട് ചെയ്ത നിരക്കിൽ തുക അനുവദിക്കുയും ചെയ്തിട്ടുണ്ട്.

10cm മുതൽ 15cm വരെ ആഴത്തിലുള്ള കുഴിക്കലിനാണ് ഇപ്രകാരം നിരക്ക് അനുവദിച്ചിട്ടുള്ളത്. 11.1.1.1 എന്ന Specification Code ൽ ഉള്ള ഇനമാണ് എസ്റ്റിമേറ്റിൽ ഇതിലേക്കായി ഉൾപ്പെടുത്തിയിട്ടുള്ളത് (Earthwork In Excavation For Structures........backfilling In Trenches With Excavated Suitable Material).

എന്നാൽ പഞ്ചായത്തിൽ തൻവർഷം സമാനകാലയളവിൽ നടപ്പാക്കിയ കെട്ടിടനിർമ്മാണ പ്രവൃത്തികളിൽ ഫൗണ്ടേഷനുവേണ്ടിയുള്ള ആഴത്തിലുള്ള കുഴിക്കലിന് പോലും അനുവദിച്ചിട്ടുള്ള നിരക്ക് 247.45/m^3 മാത്രമാണ് (Specification Code 3.5.1). അങ്ങനെയിരിക്കെ ബേം കട്ടിങ്ങ് പ്രവൃത്തികളിൽ 15cm താഴെമാത്രമുള്ള കഴിക്കലിന് Structureനു വേണ്ടിയുള്ള കുഴിക്കലെന്ന് തെറ്റായി ഉൾപ്പെടുത്തി ഉയർന്ന നിരക്ക് അനുവദിച്ച നടപടി ക്രമപ്രകാരമല്ല.

ബേം കട്ടിങ്ങിന് അധികനിരക്ക് അനുവദിച്ച പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

പ്രവൃത്തിയുടെ പേരും പ്രോജക്ട് നംപരും	കരാറുകാരൻ	ബേം കട്ടിങ്ങ് നടത്തിയ അളവ് (M^3)	അനുവദിച്ച തുക	അനുവദനീയമായ തുക (247.45/m^3)	അധികം	എം ബുക്ക് നം	ബിൽനം/ തീയതി
കൊച്ചുകടവിൽ കളീക്കൽചിറ റോഡ് റീ ടാറിങ്ങ് & ഓടനിർമ്മാണം(152/21)	എം കെ ജയചന്ദ്രൻ	19.359	9680 (@500/m^3)	4790	4890	60/19-20	4/21-8-20
കുമമംപുഴ തഴത്തോട് റോഡ് റീടാറിങ്ങ്, സൈഡ് കോൺക്രീറ്റ്(68/21)	എം ഡി അനിൽകുമാർ	25.5	14106 (@553.17/m^3)	6310	7796	25/20-21	30/12-3-21
പുലരിച്ചന്ത വേണാട്ടുശ്ശേരിൽ കടവ് റോഡ് റീടാറിങ്ങ്, സൈഡ് കോൺക്രീറ്റ്(94/21)	എം കെ ജയചന്ദ്രൻ	55	24750 (@450/m^3)	13610	11140	7/20-21	27/12-3-21
പുളിയാണിക്കൽ ജം. -മണ്ണേൽ കടവ് റോഡ് റീടാറിങ്ങ്, സൈഡ് കോൺക്രീറ്റ്(94/21)	എം കെ ജയചന്ദ്രൻ	38.4	21120 (@550/m^3)	9502	11618	11/20-21	14/24-2-21
പള്ളിക്കടവ് മാമ്പിളിശ്ശേരി റോഡ് സൈഡ് കോൺക്രീറ്റ്(93/21)	എം കെ ജയചന്ദ്രൻ	17.574	9721 12834 (@553.17/m^3)	4349	5372	15/20-21	12/24-2-21
പുത്തേഴത്ത് മുക്ക് ശാസ്താംനട റോഡ് സൈഡ് കോൺക്രീറ്റ്(76/21)	എം കെ ജയചന്ദ്രൻ	23.2	12834 (@553.17/m^3)	5741	7093	8/20-21	17/24-2-21
ആകെ					47909		

ഇപ്രകാരം ബേം കട്ടിങ്ങിന് ക്രമവിരുദ്ധമായി അധിക നിരക്ക് അനുവദിച്ചതിൻമേൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം: 5/12-8-21) ബേം കോൺക്രീറ്റിനായുള്ള കുഴിക്കലിന് തൂമ്പ, പിക്കാസ് മുതലായ മെഷിനറി ആവശ്യമുള്ളതിനാൽ സാധാരണ നൽകാറുള്ള സ്പെസിഫിക്കേഷൻ മതിയാകില്ലെന്നും, ആയതിനാലാണ് Excavation For Structure എന്ന സ്പെസിഫിക്കേഷൻ നൽകിയതെന്നും നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകി. കെട്ടിട നിർമ്മാണ പ്രവൃത്തികളിലും ഓടനിർമ്മാണ പ്രവൃത്തികളിലും അതാത് പ്രദേശത്തെ അവസ്ഥക്കനുസരിച്ചാണ് നിരക്ക് നൽകിയതെന്നും ടിയാൾ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ എല്ലാകെട്ടിട നിർമ്മാണ പ്രവൃത്തികളുടേയും ഭാഗമായുള്ള ഫൗണ്ടേഷനുവേണ്ടിയുള്ള കുഴിക്കലിന് അനുവദിച്ചിട്ടുള്ള 3.5.1 എന്ന സ്പെസിഫിക്കേഷനിൽ മെക്കാനിക്കൽ

എസ്കവേഷനുള്ളനിരക്ക് ഉൾപ്പെട്ടതാണ്. കായലോര പ്രദേശങ്ങൾ മാത്രമുൾപ്പടുന്ന ഈ പഞ്ചായത്തിൽ കെട്ടിട നിർമ്മാണത്തിനായുള്ള ആഴത്തിലുള്ള കുഴിക്കലിന് കുറഞ്ഞ നിരക്കും, ഇതേ സമയം നടപ്പാക്കിയ റോഡുനിർമ്മാണ പ്രവൃത്തികളിൽ ബേം കട്ടിങ്ങിനു വേണ്ടിയുള്ള 10cm മാത്രം ആഴമുള്ള കുഴിക്കലിന് ഉയർന്ന നിരക്കും അനുവദിച്ചതിന് മുകളിൽ പ്രതിപാദിച്ച മറുപടി അംഗീകരിക്കാവുന്നതല്ല. കൂടാതെ സ്പിൽഓവറായി സമാനകാലയളവിൽ നടപ്പാക്കിയ ചിലറോഡ് നിർമ്മാണ പ്രവൃത്തികളിൽ ബേം കട്ടിങ്ങിന് 3.5.1 എന്ന സ്പെസിഫിക്കേഷൻ പ്രകാരമുള്ള നിരക്കാണ് അനുവദിച്ചിട്ടുള്ളതും. ആകയാൽ മുകളിൽ പ്രതിപദിച്ച പ്രവൃത്തികളിൽ ബേം കട്ടിങ്ങന് തെറ്റായ നിരക്ക് അനുവദിച്ചതുമൂലമുള്ള 47909/-രൂപയുടെ അധിക ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ തുക കരാറുകാരിൽ നിന്നും തിരികെ ഈടാക്കി ഒടുക്കാത്തപക്ഷം എസ്റ്റിമേറ്റ് തയ്യാറാക്കിയതും സാങ്കേതികാനുമതി നൽകിയതുമായ ഉദ്യോഗസ്ഥരുടെ ബാധ്യതയായിരിക്കുന്നതാണ്.

1-17 വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ- വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല

സെക്രട്ടറി നടപ്പാക്കിയ വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ പ്രോജക്ട് പ്രകാരം (S0104/21) താഴെ ചേർത്തിട്ടുള്ള തുക കെ.എസ്.ഇ.ബി യിൽ നിക്ഷേപിച്ചിരുന്നു. എന്നാൽ ടി തുകകൾ വിനിയോഗിച്ചതായുള്ള സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

തുക കൈപ്പറ്റിയ സ്ഥാപനം	നിക്ഷേപിച്ച തുക	ബിൽ നം./തീയതി
കെ.എസ്.ഇ.ബി ഓച്ചിറ	140420	40/12.3.2021

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 4/10.08.2021) വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല എന്ന് മറുപടി നൽകി. വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ 140420/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-18 അഗതി ആശ്രയ- വൻ തുക അക്കൗണ്ടിൽ അവശേഷിക്കുന്നു

അഗതി കേരളം പ്രോജക്ട് (പ്രോജക്ട് നം.60/2020-21) പ്രകാരം അഗതികളുടെ അതിജീവനാവശ്യങ്ങൾ, അടിസ്ഥാന സൗകര്യ വികസനം മുതലായ ആവശ്യങ്ങൾക്കായി അസിസ്റ്റന്റ് സെക്രട്ടറി മുഖേന പ്രോജക്ട് നം. 71/20 പ്രകാരം 100000/-രൂപ, സെക്രട്ടറി മുഖേന 2020-21 വർഷം പ്രോജക്ട് നം. 60/21 പ്രകാരം 10,000/- രൂപ എന്നിങ്ങനെ 200000/- രൂപ എന്നിങ്ങനെ ആശ്രയ അക്കൌണ്ടിൽ (എസ്.ബി.ഐ. അക്കൌണ്ട് നം. 38262145298) നിക്ഷേപിച്ചു. ആശ്രയ അക്കൗണ്ട് പരിശോധിച്ചതിൽ 30.7.2021 തീയതിയിൽ 2497256/- രൂപ അവശേഷിക്കുന്നു. ടി തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ അവശേഷിക്കുന്ന തുകയുടെ വിശദാംംശങ്ങൾ താഴെ ചേർത്തിട്ടുള്ള പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 156000

ജില്ലാ പഞ്ചായത്ത് വിഹിതം-175500

പലിശ- 860412

ചലഞ്ച് ഫണ്ട്- 1305344

എന്നാൽ തൻ വർഷം ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തി ഗുണഭോക്താക്കളുടെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി പ്രോജക്ടുകൾ ഒന്നും തന്നെ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല. ചെലവഴിക്കാതെ അവശേഷിക്കുന്ന ബ്ലോക്ക്, ജില്ലാ വിഹിതങ്ങൾ ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുക തിരികെ അതാത് സ്ഥാപനങ്ങളിലേക്ക് തിരികെ അടയ്ക്കേണ്ടതാണ്.

1-19 ആസ്തി രജിസ്റ്ററിന്റെ പരിപാലനത്തിൽ വീഴ്ച

പഞ്ചായത്തിന്റെ അധീനതയിലുള്ള ആസ്തികളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ആസ്തി രജിസ്റ്ററിന്റെ പരിപാലനത്തിൽ ചുവടെ ചേർക്കുന്ന അപാകതകൾ നിലനിൽക്കുന്നു.

1. പഞ്ചായത്തിന്റെ അധീനതയിലുള്ള ആസ്തികളുടെ മുഴുവൻ വിവരങ്ങൾ ഉൾക്കൊള്ളിച്ച് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പരിശോധനയ്ക്കു ലഭ്യമാക്കിയ ആസ്തി രജിസ്റ്റർ അപൂർണ്ണവും, രേഖപ്പെടുത്തലുകൾ സാക്ഷ്യപ്പെടുത്തൽ വരുത്താത്തവയുമാണ്.

2. ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളിന്മേൽ ബ്ലോക്ക് പഞ്ചായത്ത് നടത്തുന്ന നിർമ്മാണ പ്രവൃത്തിയുടെ വിവരം ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾക്കൊള്ളിക്കുന്നില്ല.
3. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് എം.പി/എം.എൽ.എ ഫണ്ട് ഉപയോഗിച്ച് നടത്തുന്ന നിർമ്മാണ പ്രവൃത്തികളുടെ വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾക്കൊള്ളിക്കുന്നില്ല.
4. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിരവധി റോഡ് കോൺക്രീറ്റിങ്ങ് പ്രവൃത്തികൾ നടത്തിയിട്ടുണ്ടെങ്കിലും അവ ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല.
5. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള റോഡുകളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന റോഡ് രജിസ്റ്ററും, റോഡ് കണക്ടിവിറ്റി മാപ്പും സൂക്ഷിച്ചിട്ടില്ല.

ആസ്തിരജിസ്റ്റർ കാലികമാക്കാത്തത് പ്രവൃത്തികളുടെ ഇരട്ടിപ്പിനും അതുവഴി അധികചെലവിനും, ആസ്തികളുടെ കയ്യേറ്റത്തിനും ഇടയാക്കുമെന്നതിനാൽ അപാകതകൾ പരിഹരിച്ച് ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

1-20 ഗവ.ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ-മുൻകൂർ തുകയ്ക്കുള്ള മരുന്നു ലഭ്യമായിട്ടില്ല

2020-21 സാമ്പത്തികവർഷം ഗവ.ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിന് "ഹോംകോ"യ്ക്ക് മുൻകൂറായി തുക നല്കിയിട്ടുണ്ട്. എന്നാൽ ഒടുക്കിയ തുകയ്ക്കുള്ള മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം.	പ്രോജക്ടിന്റെ പേര്, നിർവ്വഹണ ഉദ്യോഗസ്ഥൻ	മരുന്ന്/ ഉപകരണങ്ങൾ വാങ്ങുന്നതിന് ചെലവഴിച്ച തുക	ട്രഷറി ബിൽ നം./ ചെക്ക് നം., തീയതി	ലഭിച്ച മരുന്നിന്റെ വില	ലഭിക്കാൻ അവശേഷിക്കുന്ന മരുന്നിന്റെ വില
20/20-21	ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ.	100000 (മെയിന്റനൻസ് ഗ്രാന്റ്, റോഡിതരം)	217/2020-21 തീയതി.22.01.21	00	100000

സമയബന്ധിതമായി മരുന്ന് ലഭിക്കാതെവന്നാൽ ആശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നതാണ്. മാത്രമല്ല അടുത്ത സാമ്പത്തിക വർഷത്തിൽ പദ്ധതി ആവിഷ്കരിക്കുമ്പോൾ മരുന്നുകളുടെ ആവശ്യകത നിർണ്ണയിക്കുന്നതിന് സാധിക്കാതെ വരും.

മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നതിന് ആവശ്യമായ എന്ത് നടപടികളാണ് "ഹോംകോ"യുമായിഅധികൃതർ സ്വീകരിച്ചിട്ടുള്ളത് എന്നതിനെ സംബന്ധിക്കുന്ന വിശദീകരണവും അതിന്റെ പുരോഗതിയും അടിയന്തിരമായി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-21 ഗവ.ആയുർവേദ ഡിസ്പെൻസറിയ്ക്ക് മരുന്നുവാങ്ങൽ-മുൻകൂർ തുകയ്ക്കുള്ള മരുന്നു ലഭ്യമായിട്ടില്ല

2020-21 സാമ്പത്തികവർഷം ഗവ.ആയുർവേദ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങുന്നതിന് "ഔഷധി"യ്ക്ക് മുൻകൂറായി തുക നല്കിയിട്ടുണ്ട്. എന്നാൽ ഒടുക്കിയ തുകയ്ക്കുള്ള മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം.	പ്രോജക്ടിന്റെ പേര്, നിർവ്വഹണ ഉദ്യോഗസ്ഥൻ	മരുന്ന്/ ഉപകരണങ്ങൾ വാങ്ങുന്നതിന് ചെലവഴിച്ച തുക	ട്രഷറി ബിൽ നം./ചെക്ക് നം.,തീയതി	ലഭിച്ച മരുന്നിന്റെ വില	ലഭിക്കാൻ അവശേഷിക്കുന്ന മരുന്നിന്റെ വില
20/20-21	ആയുർവേദ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ.	500000 (മെയിന്റനൻസ് ഗ്രാന്റ്, റോഡിതരം)	32/2020-21 തീയതി.17.09.20	442616	57384

സമയബന്ധിതമായി മരുന്ന് ലഭിക്കാതെവന്നാൽ ആശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നതാണ്. മാത്രമല്ല അടുത്ത സാമ്പത്തിക വർഷത്തിൽ പദ്ധതി ആവിഷ്കരിക്കുമ്പോൾ മരുന്നുകളുടെ ആവശ്യകത നിർണ്ണയിക്കുന്നതിന് സാധിക്കാതെ വരും.

മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നതിന് ആവശ്യമായ എന്ത് നടപടികളാണ് "ഔഷധി"യുമായി അധികൃതർ സ്വീകരിച്ചിട്ടുള്ളത് എന്നതിതിന്റെ വിശദീകരണം ആയതിന്റെ പുരോഗതിയും ഓഡിറ്റിനെ അടിയന്തിരമായി ബോധ്യപ്പെടുത്തേണ്ടതാണ്.

1-22 ഗുണഭോക്തൃവിഹിതം അധികം ഈടാക്കി

പട്ടികജാതി വിഭാഗത്തിലുൾപ്പെട്ട 45 ഗുണഭോക്താക്കൾക്കായി നടപ്പാക്കിയ പി.വി.സി വാട്ടർ ടാങ്ക് വിതരണം (പ്രോജക്ട് നം. 22/21)പദ്ധതിയിൽ വാട്ടർ ടാങ്ക് ഒന്നിന് 3099/-നിരക്കിൽ 139455/-ആണ് ആകെ ചെലവ്. 75% സബ്സിഡിയായി എസ്.സി.പി ഫണ്ട് (104580/-), ഗുണഭോക്തൃവിഹിതം(25%) 34875/-വീതമാണ് ചെലവായത്. ഇത് പ്രകാരം ഗുണഭോക്തൃവിഹിതമായി 775/-രൂപ വീതം മാത്രം ഈടാക്കുന്നതിന് പകരം ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കപ്പെട്ടിട്ടുള്ളത് 1000/-രൂപ വീതമാണെന്ന് രസീതുകളിൽ നിന്നും ബന്ധപ്പെട്ട രജിസ്റ്ററിൽ നിന്നും കാണുന്നു. ഇതനുസരിച്ച് (225x45) 10125/-രൂപ അധികമായാണ് പിരിച്ചിട്ടുള്ളത്. ഇതിന്മേൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് 7/13.08.2021, അധികമായി പിരിച്ച തുക 10125/-രൂപ ഗുണഭോക്താക്കൾക്ക് തന്നെ തിരിച്ചുനല്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നാണ് മറുപടി നല്കിയിട്ടുള്ളത്. പഞ്ചായത്ത് ഫണ്ടിൽ ഗുണഭോക്തൃവിഹിതം ഇനത്തിൽ അവശേഷിക്കുന്ന തുക ഗുണഭോക്താക്കൾക്ക് തിരികെ നല്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-23 കന്ന് കുട്ടി പരിപാലനം- ആവശ്യമായ രേഖകൾ ലഭ്യമാക്കാതെ സർക്കാർ വിഹിതം നല്കി

2020-21 വർഷം വെറ്ററിനറി സർജ്ജൻ നിർവ്വഹണ ഉദ്യോഗസ്ഥയായി കന്ന് കുട്ടി പരിപാലന പദ്ധതി (പ്രോജക്ട് നം. S033/21) നടപ്പാക്കിയിരുന്നു. ടി പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു ഗുണഭോക്താവിന്റെ ഒരു കന്ന് കുട്ടിയുടെ സബ്സിഡിയായി 12500/- രൂപ വീതം ആകെ 25 ഗുണഭോക്താക്കളുടെ കന്ന് കുട്ടി പരിപാലനത്തിനായി 312500/- രൂപ (ബിൽ നം.1/30.10.2020) രൂപ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടർക്ക് നൽകിയിരുന്നു. സ.ഉ. (കൈ) നം.22/2018/തസ്വഭവ/14.2.2020 പ്രകാരം കന്ന് കുട്ടി പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു ഗുണഭോക്താവിന്റെ ഒരു കന്നുകുട്ടിയ്ക്ക് അനുവദിക്കാവുന്ന പരമാവധി സബ്സിഡി (തദ്ദേശ സ്ഥാപന വിഹിതം) 6250/- രൂപ മാത്രമാണ്. ഇതിന് വിരുദ്ധമായി സബ്സിഡി അധികം അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ(നം. 9/17/8/2021) ത്തിന് പദ്ധതി നർവ്വഹണ സമയത്ത് സംസ്ഥാന വിഹിതം ലഭ്യമല്ലായിരുന്നെന്നും ആയതിനാൽ പഞ്ചായത്ത് വിഹിതവും സംസ്ഥാന വിഹിതവും വികസന ഫണ്ടിൽ നിന്ന് ചെലവഴിക്കുകയായിരുന്നു എന്നും മറുപടി നൽകി. കന്ന് കുട്ടി പരിപാലന പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് ചെലവഴിച്ച തുകയുടെ വിനിയോഗ വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-24 എം ജി എൻ ആർ ഇ ജി എസ് കരാർ ജീവക്കാരുടെ സേവന പുസ്തകം സൂക്ഷിച്ചിട്ടില്ല

ഗ്രാമപഞ്ചായത്ത് എം ജി എൻ ആർ ഇ ജി എസ് വിഭാഗത്തിൽ രണ്ട് ഡേറ്റാ എൻട്രി ഓപ്പറേറ്റർമാർ, ഒരു അക്രഡിറ്റഡ് ഓവർസിയർ എന്നീ ജീവനക്കാർ കരാറടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ച് വരുന്നു. ടി ജീവനക്കാർക്ക് 2020-21 വർഷത്തെ ആർജ്ജിതാവധി സറണ്ടർ ഇനത്തിൽ താഴെ ചേർത്തിട്ടുള്ള തുക നൽകിയിട്ടുണ്ട്.

ജീവനക്കാരന്റെ പേര്	അനുവദിച്ച തുക	സറണ്ടർ ചെയ്ത ലീവ്
ശ്രീ. ആദർശ് എം, അക്രഡിറ്റഡ് എഞ്ചിനീയർ	15730	15
ശ്രീ. സുബിജിത്ത്.എസ്	12020	15
ശ്രീമതി ഷൈലജ.എസ്, അക്കൗണ്ടന്റ്	12020	15

എന്നാൽ മേൽ ജീവനക്കാരുടെ സേവനപുസ്തകം സൂക്ഷിച്ചിട്ടില്ലാത്തതിനാൽ സറണ്ടർ ചെയ്ത ആർജ്ജിതാവധി സംബന്ധിച്ച കൃത്യത ബോദ്ധ്യപ്പെടാൻ സാധിച്ചിട്ടില്ല. ടി ജീവനക്കാരുടെ ലീവ്

വിവരങ്ങളടങ്ങിയ സേവന പുസ്തകം സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-25 വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ- 2.50 ലക്ഷത്തിന് മുകളിലുള്ള വാങ്ങലിൽ സോഴ്സിൽ നിന്ന് തുക കുറവ് ചെയ്തില്ല

2020-21 വർഷം ഐ സി ഡി എസ് സൂപ്പർവൈസർ മുഖേന നടപ്പാക്കിയ വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ പ്രോജക്ട് (S0046/21) പ്രകാരം 90 കട്ടിലുകൾ 4350/- രൂപ നിരക്കിൽ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ആലുവയിൽ നിന്ന് വാങ്ങിയതിന് 391498/- രൂപ (ബിൽ നം.11/25.9.2020) ചെലവഴിച്ചിട്ടുണ്ട്. ജി എസ് റ്റി നിയമം സെക്ഷൻ 51 പ്രകാരം 2.50 ലക്ഷത്തിന് മുകളിലുള്ള വാങ്ങലുകളിൽ ജി എസ് റ്റി കഴിച്ചുള്ള തുകയിൽ നിന്ന് 2% തുക സോഴ്സിൽ നിന്ന് കുറവ് ചെയ്യേണ്ടതാണ്. ഇതിൻ പ്രകാരം ജി എസ് റ്റി തുക 59720/- രൂപ കഴിച്ചുള്ള 331780/- രൂപയുടെ 2% തുകയായ 6636/- രൂപ സോഴ്സിൽ നിന്ന് കുറവ് ചെയ്ത് ജി എസ് റ്റി വകുപ്പിൽ അടയ്ക്കേണ്ടതായിരുന്നു. എന്നാൽ അപ്രകാരം തുക കുറവ് ചെയ്തതിട്ടില്ല. ജി എസ് റ്റി ഇനത്തിലുണ്ടായിട്ടുള്ള നഷ്ടം സർക്കാരിലേക്ക് അടയ്ക്കേണ്ടതാണ്.

1-26 ലൈഫ് മിഷൻ-അവലോകനം

ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ ലൈഫ് മിഷൻ പദ്ധതിയിൽ രണ്ടാംഘട്ടത്തിൽ അപേക്ഷിച്ചവരിൽ ആകെ 71 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യത്തിന് അർഹതയുള്ളതായി കണ്ടെത്തിയിരുന്നത്. ഇവരിൽ 58 പേർ ജനറൽ വിഭാഗത്തിലും, 13 പേർ പട്ടിക ജാതി വിഭാഗത്തിലും ഉൾപ്പെടുന്നു. ഇവരെല്ലാം തന്നെ കരാർ വച്ച് ഭവന നിർമ്മാണം നിലവിൽ പൂർത്തീകരിച്ചതായാണ് വി.ഇ.ഒ അറിയിച്ചിട്ടുള്ളത്. ലൈഫ് മൂന്നാം ഘട്ടത്തിൽ സ്വന്തമായി ഭൂമി ആർജ്ജിച്ച 7 ഗുണഭോക്താക്കൾക്കും പഞ്ചായത്ത് മുഖേന വസ്തുവാങ്ങിയ 10 ഗുണഭോക്താക്കൾക്കും ഭവന നിർമ്മാണ ആനുകൂല്യം നല്കിയിട്ടുണ്ട്. ആകെ 17 പേരിൽ മൂന്ന് പേർ ഒഴികെ ഭവന നിർമ്മാണ പ്രവർത്തി ആരംഭിക്കുകയും ഇവരിൽ 5പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. പട്ടിക ജാതി വകുപ്പിൽ നിന്നും ലൈഫ് മിഷനിലേക്ക് നല്കിയ അഡീഷണൽ ലിസ്റ്റ് പ്രകാരം പുതിയതായി വന്നിട്ടുള്ള യോഗ്യരായ 28 ഗുണഭോക്താക്കളിൽ 20 പേർ ഭവനരഹിതരും 8പേർ ഭൂരഹിതരുമാണ്. ഭവനരഹിതരിൽ 17 പേർ 2021വർഷാരംഭത്തിൽ കരാർ വച്ചു, 12പേർ പ്രവർത്തി ആരംഭിച്ചു.

സ്വന്തമായി ഭൂമിയാർജ്ജിച്ച് ഭവനനിർമ്മാണത്തിനുള്ള രണ്ട് ഗഡു ആനുകൂല്യം കൈപ്പറ്റിയ ശ്രീമതി. വനജ, വാഴക്കാൽ വടക്കതിൽ, വാർഡ് 1 എന്ന ഗുണഭോക്താവ് ഭവന നിർമ്മാണം പൂർത്തീകരിക്കുവാനുണ്ട്.

കൈപ്പറ്റിയ ആനുകൂല്യം: ഒന്നാം ഗഡു 40000/-, 31.03.2020-ലും രണ്ടാം ഗഡു 160000/-, 10.05.2021ലും.

ടി ഗുണഭോക്താവ് ഉൾപ്പെടെ ഭവന നിർമ്മാണ ആനുകൂല്യം ആദ്യ ഗഡുക്കൾ കൈപ്പറ്റിയ എല്ലാ ഗുണഭോക്താക്കളും ഭവന നിർമ്മാണം പൂർണ്ണമാക്കുന്നത് നിരീക്ഷിക്കേണ്ടതുണ്ട്.

1-27 മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനം

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരം സാമ്പത്തിക വർഷം 45 റോഡ് കോൺക്രീറ്റ് പ്രവർത്തികൾ ഉൾപ്പെടെ 177 പ്രവർത്തികളാണ് നടപ്പാക്കപ്പെട്ടത്. 2020-21 വരെ ആകെ 5260 പേരാണ് തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലിന് രജിസ്റ്റർ ചെയ്തിരുന്നത്. തൻവർഷത്തെ മാത്രം രജിസ്ട്രേഷൻ 125 ആണ്. 94145 മനുഷ്യദിനമുള്ള പ്രവർത്തികൾ നിർവ്വഹിക്കപ്പെട്ടു. 100 ദിവസം തൊഴിൽ ലഭിച്ചത് 290 പേർക്ക്.

ശമ്പളം ഉൾപ്പെടെ ഭരണച്ചെലവ് 1514231/- രൂപയാണ്. വേതനം/മെറ്റീരിയൽ/സ്കിൽഡ്/സെമി സ്കിൽഡ് ഇനത്തിലെ ചെലവിന്റെ വിശദവിവരം:

വേതന ചെലവ് വിവരം:

സാമ്പത്തിക വർഷത്തെ ആകെ ചെലവ്: 27850510/-

2019-20ലേക്കുള്ള ചെലവ് തൻവർഷം: 16284/-

ആകെ: 27866794/-

മെറ്റീരിയൽ ചെലവ് വിവരം:

സാമ്പത്തിക വർഷത്തെ ആകെ ചെലവ്: 6035638.48/-

2019-20ലേക്കുള്ള ചെലവ് തൻവർഷം: 11933885.25/-

മെറ്റീരിയൽ ഇനത്തിൽ ആകെ: 17969523.73/-

സ്കിൽഡ്/സെമി സ്കിൽഡ് ഇനത്തിൽ:

സാമ്പത്തിക വർഷത്തെ ആകെ ചെലവ്: 280800/-

2019-20ലേക്കുള്ള ചെലവ്: 856020/-

സ്കിൽഡ്/സെമി സ്കിൽഡ് ഇനത്തിൽ ആകെ: 1136820/-

അംഗീകാരം ലഭിച്ച പദ്ധതികൾ പൂർണ്ണമായും ഏറ്റെടുക്കുന്നതിനും,ഏറ്റെടുത്ത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും അതുവഴി രജിസ്റ്റർ ചെയ്ത എല്ലാ കുടുംബങ്ങൾക്കും 100 തൊഴിൽദിനങ്ങൾ എന്ന പ്രഖ്യാപിത ലക്ഷ്യം നിറവേറ്റുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

1-28 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ-ലഘു അവലോകനം

ലോകമാകെ ബാധിച്ച കോവിഡ് 19 മഹാവ്യാധി, 2020-വർഷത്തിലാണ് ഭാരതത്തെയും വിശേഷിച്ച് കേരളത്തെയും സാരമായി ബാധിച്ചത്. ലോകത്തിന്റെ തന്നെ ആരോഗ്യ, സാമൂഹിക, സാമ്പത്തിക മേഖലകളിൽ ഒരിക്കലും മുൻകൂട്ടിക്കാണാനാകാത്തത്ര ആഘാതമാണ് ഇത് ഉണ്ടാക്കിയത്. വിശ്വപൗരന്മാരായ മലയാളികൾ ധാരാളമായി വിദേശ രാജ്യങ്ങലിൽ ജോലിചെയ്യുന്നതിനാലും മറ്റും കോവിഡ് പ്രത്യാഘാതങ്ങൾ, തൊഴിൽ-സാമ്പത്തിക മേഖലയിൽ നമ്മെ വളരെയേറെ ബാധിച്ചിട്ടുണ്ട്. ഇതിന്റെ അനുരണനങ്ങൾ ഗ്രാമപഞ്ചായത്തിനെയും സാമൂഹിക, ആരോഗ്യമേഖലകളിൽ ബാധിച്ചിട്ടുണ്ടെങ്കിലും സാമ്പത്തിക മേഖലയെ- പദ്ധതി പ്രവർത്തനങ്ങളെയും, തനത് വരുമാനത്തെയും കാര്യമായി ബാധിച്ചിട്ടില്ല എന്നത് വാർഷിക കണക്കുകൾ പ്രകാരമുള്ള സ്ഥിതിവിവരങ്ങളിൽ നിന്ന് (ഖണ്ഡിക 1- കാണുക) വ്യക്തമാകുന്നുണ്ട്, അഭിനന്ദനീയമായ ഈ അവസ്ഥ നിലനിർത്തേണ്ടതുണ്ട്.

കോവിഡ് -പ്രസക്തമായ സ്ഥിതിവിവരങ്ങൾ:

കോവിഡ് ഒന്നാം തരംഗത്തിൽ ഗ്രാമപഞ്ചായത്തിൽ 260 പേർ രോഗബാധിതരാകുകയും 4 പേർ മരണപ്പെടുകയും ചെയ്തു. നിലവിൽ 2021 ഏപ്രിലിൽ തുടങ്ങിയ കോവിഡ് രണ്ടാം തരംഗത്തിൽ ഓഡിറ്റ് സമയം വരെ(ഓഗസ്റ്റ് 10, 2021)1475 പേർ രോഗബാധിതരാകുകയും 23 പേർ മരണപ്പെടുകയും ചെയ്തിട്ടുണ്ട്.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ:

കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി 2020 ഫെബ്രുവരി മാസം മുതൽ തന്നെ, സർക്കാരിന്റെയും ആരോഗ്യ വകുപ്പിന്റെയും നിർദ്ദേശാനുസരണം ബ്രേക്ക് ദി ചെയിൻ ക്യാമ്പയിൻ, ബോധവത്കരണ പ്രവർത്തനം ഇവ ആരംഭിക്കുകയും ലോക്ഡൌൺ തുടക്കത്തോടെ (2020മാർച്ച് 24) ഐസൊലേഷൻ, അതിഥി തൊഴിലാളികൾക്ക് ഭക്ഷണം, സമൂഹ അടുക്കള, വിദേശത്തു നിന്നും അന്യ സംസ്ഥാനത്തു നിന്നും എത്തുന്നവരെ ക്വാറന്റൈൻ ചെയ്യുന്നതിനായി കോവിഡ് കെയർ സെന്ററുകൾ എന്നിവ ആരംഭിച്ച് ഇൻമേറ്റ്സിന് ഭക്ഷണം ഭൌതിക സൌകര്യങ്ങൾ എന്നിവ ഒരുക്കി നൽകിയതായി അറിയിച്ചിട്ടുണ്ട്. ഇതിലേക്ക് ഭൂരിഭാഗം ചെലവും സ്പോൺസർമാരിലൂടെ കണ്ടെത്തുകയും ബാക്കി തുക പഞ്ചായത്ത് ഫണ്ടിൽ നിന്ന് ചെലവഴിക്കുകയുമാണ് ചെയ്തത്.

<u>ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ:</u>

ആലപ്പുഴ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്ന് കോവിഡ് ഫസ്റ്റ്ലൈൻ ട്രീറ്റ്മെന്റ് സെന്റർ അടിയന്തിരമായി തുറക്കണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വാർഡ് 12-ലെ സി.എം.എസ് ഓഡിറ്റോറിയം ഏറ്റെടുത്ത് ഭൌതിക സൌകര്യങ്ങൾ സജ്ജമാക്കുകയുണ്ടായി.

രോഗ പ്രതിരോധ പ്രവർത്തനങ്ങൾ:

1. ബോധവത്കരണ പ്രവർത്തനങ്ങൾ, അനൌൺസ്മെന്റ് ഇവ നടത്തി. കണ്ടെയിൻമെന്റ് സോണുകൾക്ക് ബാരിക്കേഡുകൾ എർപ്പെടുത്തി.
2. വാളണ്ടിയർമാരെ ഉൾപ്പെടുത്തിയുള്ള ജാഗ്രതാ സമിതികൾ പഞ്ചായത്ത് തലത്തിലും വാർഡ് തലത്തിലും ഉള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു.
3. കോൾ സെന്റർ, ഹെൽപ്പ് ഡെസ്ക് ഇവയുടെ സേവനം. സ്വകാര്യ ആംബുലൻസ് സേവനം.
4. ഹോമിയോ, ആയുർവ്വേദ പ്രതിരോധ മരുന്നുകൾ വിതരണം ചെയ്തു.
5. ആന്റിജൻ ടെസ്റ്റ് ക്യാമ്പയിൻ നടത്തുന്നു.

കോവിഡ് സംബന്ധമായ ചെലവുകൾ(2020-21)

തനത് ഫണ്ട്	465087
പെർഫോമൻസ് ബേസ്ഡ്	24334

ഇൻസന്റീവ് ഗ്രാന്റ്	
ഡി.ഡി.എം.എ ഫണ്ട്	246351
ആകെ	735772

ചെലവ് ഇനങ്ങൾ

മാസ്ക്/ഗ്ലൌസ് /സാനിറ്റൈസർ/ഫെയിസ് ഷീൽഡ്	89685
പൊതു ജനങ്ങൾക്ക് മാസ്ക് വിതരണം	83443
കമ്മ്യൂണിറ്റി കിച്ചൻ	13333
മെഡിസിൻ/ഓക്സിമീറ്റർ	86467
സ്വാബ് ടെസ്റ്റ്	72289
ആംബുലൻസ് വാടക	17720
മറ്റ് ഇനങ്ങൾ	102150
ഹരിത കർമസേനയ്ക്ക് മാസ്ക്/ഗ്ലൌസ്	24334
സി.എഫ്.എൽ.ടി.സി ഭൌതിക സാഹചര്യം/ഇൻസിനറേറ്റർ	246351

(അവലംബം: ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ സ്ഥിതിവിവരങ്ങൾ)

1-29 കന്ന് കുട്ടി പരിപാലന പദ്ധതി - തുക പൂർണ്ണമായി വിനിയോഗിച്ചില്ല

വെറ്ററിനറി സർജ്ജൻ മുഖേന കന്ന്കുട്ടി പരിപാലനം പദ്ധതി പ്രകാരം 2017-18,2018-19, വർഷങ്ങളിലായി കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടർക്ക് തുക കൈമാറിയിരുന്നു. ടി തുകകൾ പൂർണ്ണമായി ചെലവഴിച്ചില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

തുക നൽകിയ വർഷം	നൽകിയ തുക	ചെലവഴിച്ച തുക	അവശേഷിക്കുന്ന തുക
2017-18	187500	177865	9635
2018-19	312500	299760	12740

ഇപ്രകാരം 2017-18, 2018-19 വർഷങ്ങളിലായി 22375/- രൂപ ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്നു. ടി തുക തുടർന്നുള്ള പദ്ധതിക്കായി വിനിയോഗിക്കേണ്ടതാണ്. അല്ലാത്തപക്ഷം തിരികെ ഈടാക്കി സർക്കാരിലേക്ക് അടയ്ക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ബ്ലോക്ക്പഞ്ചായത്ത്	2020-21	200000	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്	200000	0
ബ്ലോക്ക്പഞ്ചായത്ത്	2020-21	200000	ഇടവിളക്ക്യഷി വികസനം	200000	0
ബ്ലോക്ക്പഞ്ചായത്ത്	2020-21	36550	വാഴക്ക്യഷി വികസനം	36550	0
ബ്ലോക്ക്പഞ്ചായത്ത്	2020-21	174828	പാലിന് സബ്സിഡി	174828	0
ബ്ലോക്ക്പഞ്ചായത്ത്	2020-21	240000	ബഡ്സ് സ്കൂൾ	240000	0
ബ്ലോക്ക്പഞ്ചായത്ത്	2020-21	6430717	ലൈഫ് ഭവന നിർമ്മാണം	0	തുക ചെലവഴിക്കാതെ വന്നതിനാൽ തുക സർക്കാരിലേക്ക് തിരിച്ചുപിടിച്ചു.
ജില്ലാ പഞ്ചായത്ത്	2020-21	200000	പാലിന് സബ്സിഡി	200000	0
ജില്ലാ പഞ്ചായത്ത്	2020-21	200000	ലൈഫ് ഭവന പദ്ധതി	200000	0
ജില്ലാ പഞ്ചായത്ത്	2020-21	200000	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്	200000	
ജില്ലാ പഞ്ചായത്ത്	2020-21	100000	അനുപൂരക പോഷകാഹാരം	100000	

4-2 നിക്ഷേപ പ്രവർത്തികൾക്ക് നല്കിയ തുകകളുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവ്യത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവ്യത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ (ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ കണക്കുകൾ) താഴെ കൊടുക്കുന്നു.

നിർവ്വണ ഏജൻസി	പ്രവ്യത്തിയുടെ പേര്	വൗച്ചർ നമ്പർ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കെ.എസ്.ഇ.ബി	104/2020-21വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ	40/12.3.21	140420	0	140420
കെ.എസ്.ഇ.ബി	വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ	44/24.3.21	219882	219882	0

4-3 മൊബിലൈസേഷൻ അഡ്വാൻസ്

നല്കിയിട്ടില്ല.

4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/തിയ്യതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	

ലൈഫ് ഭവനപദ്ധതി		260000	11586911	1302549	-	10544362

4-5 സ്ഥിര നിക്ഷേപം

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ-

ഇല്ല

4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ചാർജ്ജ്/സർചാർജ്ജ് നടപടികൾ വഴി തുക ഈടാക്കിയിട്ടില്ല.

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	:	78170841
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	74535466
വരവിനങ്ങളിലുള്ള നഷ്ടം	:	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	47909
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	140420

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
1-16		23955	ശ്രീ.അഷ്റഫ് ഖാൻ അസി.എക്സിക്യൂട്ടീവ് എൻജിനിയർ
1-16		23954	ശ്രീമതി ഉഷ. ആർ അസിസ്റ്റന്റ് എൻജിനിയർ
ആകെ		47909	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ക്രമ നം	ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1	1-17	140420	ശ്രീമതി സിന്ധു.എസ്. സെക്രട്ടറി
	ആകെ	140420	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	ഇനം	തുക
1-26	ജി.എസ്.റ്റി.	6636

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ക്രമ നം.	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം

ക്രമ നം.	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
1	ശ്രീ. അഷ്റഫ് ഖാൻ എ.എക്സ്.ഇ, തിരുവനന്തപുരം നഗരസഭ	ഫാത്തിമ മന്ദിരം, വലിയവേലി.പി.ഒ, തിരുവനന്തപുരം-21
2	ശ്രീമതി ഉഷ.ആർ അസിസ്റ്റന്റ് എൻജിനീയർ, ദേവികുളങ്ങര ഗ്രാമപഞ്ചായത്ത്	അരുണിമ തുലാംപറമ്പ് സെന്റർ, ഹരിപ്പാട്

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
1995-96	എൽ.എഫ്.എ5-1832/11/2-2-2012
1997-98	എൽ.എഫ്.എ5-1832/11/2-2-2012
2000-01	എൽ.എഫ്.എ5-1832/11/2-2-2012
2001-02	എൽ.എഫ്.എ5-1832/11/2-2-2012
2002-03	എൽ.എഫ്.എ5-1832/11/2-2-2012
2003-04	എൽ.എഫ്.എ5-1832/11/2-2-2012
2004-05	എൽ.എഫ്.എ5-1832/11/2-2-2012
2005-06	എൽ.എഫ്.എ5-1832/11/2-2-2012
2006-07	എൽ.എഫ്.എ5-1577/13/16-05-14
2007-08	എൽ.എഫ്.എ5-1577/13/16-05-14
2008-09	എൽ.എഫ്.എ5-1577/13/16-05-14
2009-10	എൽ.എഫ്.എ5-1577/13/16-05-14
10-11, 11-12, 2012-13	എൽ.എഫ്.എ.പി6-191/2014, 5-8-14/10-10-14
2013-14	കെ.എസ്.എ-എഎൽ.പി/പി.11-1607/2015/18.12.15/31.12.15
2014-15	കെ.എസ്.എ.എൽ.പി.പി.11-630/16 തീയതി. 07.06.2016
2015-16	കെ.എസ്.എ.എൽ.പി.പി.11-20/16 തീയതി.25.01.2017/08.02.2017
2016-17	കെ.എസ്.എ.എൽ.പി.പി.11-862/17 തീയതി.07.07.2017
2017-18	കെ.എസ്.എ.എൽ.പി.പി.11-404/19 തീയതി.09.05.2019
2018-19	നം.കെ.എസ്.എ-എ.എൽ.പി/പി11-792/2019 തീയതി.10.10.2019
2019-20	കെ.എസ്.എ-എ.എൽ.പി/പി11-749/2021

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

അനുബന്ധം-1
ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ ദേവികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ദേവികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021 /തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്